# കേരള വിനോദസഞ്ചാര നയം 2017

## വിനോദസഞ്ചാരവകുപ്പ്

**ഉള്ളടക്കം**

1) ആമുഖം
2) ടൂറിസ്റ്റുകളുടെ സവിശേഷത
3) കേരള ടൂറിസം -വസ്തുതകൾ
4) ടൂറിസ്റ്റുകളുടെ പ്രത്യേകത
5) കേരളത്തിന്റെ സാധ്യത
6) സമീപനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ
7) ടൂറിസം മേഖലയിലെ വികസന പ്രവർത്തനങ്ങൾ
8) ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ
9) ഉത്തരവാദിത്ത ടൂറിസം
10) ലക്ഷ്യവും ദൗത്യവും
11) സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മപരിപാടി
12) പുതിയ ടൂറിസം ഉൽപന്നങ്ങൾ
13) അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ
14) വിഭവ സമാഹരണം
15) കേരള ടൂറിസം സംരംഭകത്വ ഫണ്ട്
16) തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം
17) കേരളടൂറിസം ബ്രാൻഡ്
18) മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും
19) സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റിയും
20) ഹരിതപെരുമാറ്റച്ചട്ടം
21) ടൂറിസം വകുപ്പിൽ കാലോചിതപരിഷ്കാരം
22) പതിമൂന്നാം പഞ്ചവത്സരപദ്ധതി ലക്ഷ്യങ്ങൾ

**ആമുഖം**

കേരളത്തിന്റെ വികസനത്തിന് ഊന്നൽ നൽകേണ്ട പുതിയ വളർച്ചാ മേഖലയായാണ് വിനോദസഞ്ചാരത്തെ സർക്കാർ കാണുന്നത്. അതുകൊണ്ടുതന്നെ, വിനോദസഞ്ചാര വികസനമെന്നത് കേരളത്തിന്റെ വികസന പ്രക്രിയയിലെ സുപ്രധാനമായ ഘടകമായാണ് സർക്കാർ കാണുന്നത്. വർത്തമാനകാലത്ത്  വിനോദസഞ്ചാര രംഗം വളർച്ചയുടേയും മത്സരത്തിന്റെയും പാതയിലൂടെയാണ് നീങ്ങുന്നത്. ലോകമെമ്പാടുമുള്ള വിവിധ മേഖലകളുടെ വരുമാന വളർച്ച വിലയിരുത്തുമ്പോൾ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം മറ്റു മേഖലകളെ അപേക്ഷിച്ച് കൂടുതലാണെന്ന് മനസ്സിലാക്കാനാകും. സംസ്ഥാനവരുമാനത്തിന്റെ  10 ശതമാനം ടൂറിസം മേഖലയിൽ നിന്നാണ്. ഇന്ത്യയിലെ സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമല്ലെന്നു കാണാം.

രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ മൂന്നാംസ്ഥാനത്താണ് ടൂറിസം മേഖല. ഒഴിവുകാലം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചെലവഴിക്കുന്നതിന് താൽപര്യപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഈ സാധ്യതയെ എത്രത്തോളം സംസ്ഥാനത്തിന് പ്രയോജനപ്രദമാക്കാൻ കഴിയുമെന്നതാണ് പ്രധാനം. ഗുണമേന്മയോടെ കേരളം മുന്നോട്ടുവയ്ക്കുന്ന ടൂറിസം അനുഭവങ്ങൾ ലഭ്യമാക്കാൻ അയൽസംസ്ഥാനങ്ങൾക്കും ശ്രീലങ്ക, മാലിദ്വീപ് തുടങ്ങിയ രാജ്യങ്ങൾക്കും കഴിയുന്നു എന്ന വസ്തുതയും കണ്ടുകൊണ്ടു വേണം ഈ രംഗത്ത് ഇടപെടാൻ. ഇത് മനസ്സിലാക്കിക്കൊണ്ടുള്ള സമഗ്രമായ ഒരു കാഴ്ചപ്പാട് ആവിഷ്കരിക്കാനാവണം.

കേരളം ജൈവവൈവിധ്യവും പ്രകൃതിസൗന്ദര്യവും കൊണ്ട് അനുഗൃഹീതമാണ്. എന്നാൽ ആ ടൂറിസം സാധ്യതകളെ ആ അർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ നമുക്കാകുന്നില്ല എന്ന പരിമിതി നിലനിൽക്കുന്നുണ്ട്. ഇപ്പോഴും ഏതാനും പ്രധാന കേന്ദ്രങ്ങളെ ചുറ്റിപ്പറ്റിയാണ് നമ്മുടെ ടൂറിസം വളർന്നുവരുന്നത്. സംസ്ഥാനത്തെമ്പാടുമുള്ള സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നാം പുറകിൽ നിൽക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും, മൂലധന നിക്ഷേപം വേണ്ടപോലെ ഉണ്ടാകാത്തതും ഈ രംഗത്തെ പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. മികച്ച ടൂറിസം കേന്ദ്രങ്ങൾ  പോലും ശരിയായി പരിപാലിക്കപ്പെടുന്നില്ലെന്ന പരാതികൾ വിനോദസഞ്ചാര മേഖലയെ നേരത്തെ തന്നെ ദോഷകരമായി ബാധിച്ചിട്ടുണ്ട് എന്നതും നാം കാണേണ്ടതുണ്ട്.

കേരളത്തിൽ നിലനിൽക്കുന്ന ഇത്തരം പരിമിതികളെ മറികടക്കുന്നവിധം നിലവിലുള്ള ടൂറിസം നയത്തിൽ മാറ്റങ്ങൾ വരുത്താൻ കഴിയണം. സമഗ്രമായ പരിഷ്കരണമാണ് ഈ രംഗം ആവശ്യപ്പെടുന്നത് എന്നർത്ഥം. കേരളത്തിന്റെ  എല്ലാ മേഖലകളിലേയും സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം, നിലവിലുള്ളതിന്റെ  ഗുണമേന്മ വർദ്ധിപ്പിക്കാനുമാവണം. ജനങ്ങളെ തന്നെ ഇതിൽ ഇടപെടുവിക്കാൻ പറ്റുന്ന ഒരു നയം ആവിഷ്കരിക്കാനാവണം.

പാരിസ്ഥിതിക പ്രശ്നങ്ങൾ പലതരത്തിൽ ഉയർന്നുവരുന്ന സാഹചര്യത്തിൽ പരിസ്ഥിതിക്ക് പോറലേൽപ്പിക്കാതെ, എങ്ങനെ വിനോദസഞ്ചാരമേഖലയെ ശക്തിപ്പെടുത്താം എന്ന കാര്യവും നാം പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ പ്രകൃതിസൗന്ദര്യത്തെ ആകമാനം പ്രയോജനപ്പെടുത്തുന്ന വിധം ആ നയം മാറേണ്ടതുമുണ്ട്. നമ്മുടെ സാംസ്കാരിക പാരമ്പര്യത്തേയും ജൈവവൈവിധ്യങ്ങളിൽ ഊന്നിയ പ്രകൃതിസൗന്ദര്യത്തെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാരമേഖലയെ ശക്തിപ്പെടുത്താനാണ് കഴിയേണ്ടത്. നമ്മുടെ സംസ്കാരത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ആതിഥേയ മനസ്സിന് കൂടുതൽ പ്രചോദിപ്പിച്ചുകൊണ്ടുള്ള ഒരു നയം ആവിഷ്കരിക്കാനാവണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന കേരളത്തിൽ തൊഴിൽ തുറന്നുതരുന്ന മേഖല എന്ന നിലയിലും ഇതിന്റെ  പ്രാധാന്യം ഏറെ വലുതാണെന്ന് കാണണം. ഈ രംഗത്തെ വികസനത്തിന് മൂലധനത്തിന്റെ ആവശ്യകതയുണ്ടെന്നും മനസ്സിലാക്കേണ്ടതുണ്ട്. പ്രവാസികളുടെയും, സംരംഭക തൽപ്പരരുടെയും സഹായത്തോടെ വിനോദസഞ്ചാര മേഖലയിൽ മുന്നേറ്റം കൊണ്ടുവരാനാകും. സർക്കാരിന്റെ ഇടപെടലോടൊപ്പം, സ്വകാര്യ സംരംഭകരേയും പ്രോത്സാഹിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിന് കഴിയേണ്ടതുണ്ട്.

## 2. ടൂറിസ്റ്റുകളുടെ സവിശേഷത

ടൂറിസം നയം ആവിഷ്കരിക്കുമ്പോൾ ഇവിടെ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത എന്തെന്ന് മനസ്സിലാക്കുകയും അതിനെ ഉൾക്കൊണ്ടുകൊണ്ടും നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടും ഉള്ള ഒരു കാഴ്ചപ്പാട് ആവിഷ്കരിക്കാൻ കഴിയണം. കേരളത്തിൽ മൂന്നു തരത്തിലുള്ള വിനോദസഞ്ചാരികളാണ് പൊതുവെ എത്തിച്ചേരുന്നത്.

1. മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ.
2. സംസ്ഥാനത്തിനു പുറത്തുള്ള വിനോദസഞ്ചാരികൾ
3. സംസ്ഥാനത്തിനകത്തുതന്നെ സഞ്ചാരം നടത്തുന്നവർ

ഈ മൂന്ന് വിഭാഗങ്ങളുടെയും താൽപ്പര്യങ്ങളും സവിശേഷകളും എന്തെന്നും മനസ്സിലാക്കിക്കൊണ്ട് നയം ആവിഷ്കരിക്കാനാവണം. മറ്റു രാജ്യങ്ങളിലെ വിനോദസഞ്ചാരികളുടെ പ്രത്യേകതകൾ അനുസരിച്ച് സൗകര്യങ്ങൾ ഒരുക്കാനാകണം. താമസം മുതൽ ജീവിതത്തിന്റെ ആവശ്യങ്ങളും നമ്മിൽ നിന്ന് വ്യത്യസ്തമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാനാവണം. അതിനനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുമ്പോഴാണ് ഇത്തരം സഞ്ചാരികളെ നമുക്ക് ആകർഷിക്കാനാകുക. വർഷങ്ങളായി കേരളത്തിലേക്കെത്തുന്ന വിനോദസഞ്ചാരികളിൽ ഭൂരിഭാഗവും തണുത്ത കാലാവസ്ഥ അനുഭവപ്പെടുന്ന യൂറോപ്പിൽ നിന്നാണെങ്കിലും അടുത്തകാലത്തായി മലേഷ്യ, ഗൾഫ് രാജ്യങ്ങൾ, മാലിദ്വീപ്

എന്നിവിടങ്ങളിൽ നിന്നും വിനോദസഞ്ചാരികൾ കേരളത്തിലേക്ക് കൂടുതലായി വരുന്നുണ്ട്. രാജ്യത്തിനകത്തുവരുന്ന സഞ്ചാരികൾ പ്രധാനമായും തീർത്ഥാടന സ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് വരുന്നവരാണ്. അതിന് അനുയോജ്യമായ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇത്തരക്കാരെ ആകർഷിക്കുന്നതിന് പ്രധാനമായും വേണ്ടത്. മറ്റു രാജ്യങ്ങളിലെ സഞ്ചാരികളുടെ താൽപ്പര്യങ്ങളിൽ നിന്ന് വിഭിന്നമാണ് ഇവരുടെ താൽപ്പര്യങ്ങൾ എന്ന് മനസ്സിലാക്കണം. ആഭ്യന്തര ടൂറിസ്റ്റുകളിൽ നമ്മുടെ തൊട്ടയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക, തെലുങ്കാന, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് കൂടുതലും.

അവധിക്കാലങ്ങളായാൽ കുടുംബസമേതം കേരളത്തിനകത്ത് യാത്ര ചെയ്യുക എന്ന ഒരു സ്വഭാവം മലയാളികളിൽ വലിയ തോതിൽ വർദ്ധിച്ചുവരുന്നുണ്ട്. കുട്ടികളേയും കൂട്ടി വാട്ടർ തീം പാർക്ക് പോലുള്ളവ സന്ദർശിക്കുന്ന ഒറ്റ ദിവസം നീണ്ടുനിൽക്കുന്ന യാത്രകൾക്ക് ഇത്തരക്കാർ പ്രാധാന്യം നൽകുന്നതായി കാണാം. ചെറിയ ചെലവിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇവർ ആഗ്രഹിക്കുന്നത്.

ഈ മൂന്ന് വിഭാഗങ്ങളേയും മനസ്സിലാക്കിക്കൊണ്ട് വിനോദസഞ്ചാര മേഖലയിലെ സൗകര്യങ്ങൾ ഒരുക്കാനാണ് നാം ശ്രമിക്കേണ്ടത്. ഓരോ നാടിന്റേയും സ്ഥാനങ്ങളുടേയും അടിസ്ഥാനത്തിൽ ഇത് ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നതിന് കഴിയുക എന്നതും പ്രധാനമാണ്.

## 3. കേരള ടൂറിസം -വസ്തുതകൾ

കേരളത്തിന്റെ ടൂറിസം രംഗത്ത് ക്രമാനുഗതമായ വളർച്ചയാണ് കാണാനാകുന്നത്. 2015-നേക്കാൾ വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2016ൽ 6.23 ശതമാനം വർദ്ധനവാണുണ്ടായത്. വരുമാനത്തിന്റെ കാര്യത്തിലാവട്ടെ 11.12 ശതമാനം വർദ്ധനവും കാണാവുന്നതാണ്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലാണ് കൂടുതൽ വർദ്ധനവുള്ളതായി കാണുന്നത്. ഇന്ത്യയിലേക്ക് വരുന്ന ടൂറിസ്റ്റുകളിൽ കേരളത്തിലേക്ക് വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സ്ഥിതിയും നിലനിൽക്കുന്നുണ്ട്.

## 4. ടൂറിസ്റ്റുകളുടെ പ്രത്യേകത

വിദേശ ടൂറിസ്റ്റുകളിൽ 92 ശതമാനവും എറണാകുളം, തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ തുടങ്ങിയ ജില്ലകളാണ് സന്ദർശിക്കുന്നത്. മലബാർ മേഖലയിലേക്കുള്ള സന്ദർശനം കുറഞ്ഞുവരുന്നു എന്ന അവസ്ഥയും നിലനിൽക്കുന്നുണ്ട്.

കേരളത്തിൽ പുതുതായി ഉയർന്നുവന്നിട്ടുള്ള ഒരു നല്ല പ്രവണത ആരോഗ്യ ചികിത്സയ്ക്കുവേണ്ടി വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു എന്നതാണ്. ആയുർവ്വേദ ചികിത്സയ്ക്ക് എത്തുന്നവരിൽ 90 ശതമാനവും അമേരിയിൽ നിന്നും യൂറോപ്പിൽ നിന്നുമാണ്. ആധുനിക ചികിത്സയ്ക്കെത്തുന്നതിൽ 26 ശതമാനം പേർ പശ്ചിമേഷ്യയിൽ നിന്നും 11 ശതമാനം മാലിദ്വീപിൽ നിന്നുമാണ്. ആയുർവ്വേദ ചികിത്സയ്ക്ക് പാശ്ചാത്യ ടൂറിസ്റ്റുകളാണ് കൂടുതലായി വരുന്നത്. മാലിദ്വീപ്, ആഫ്രിക്ക, യു.എ.ഇ., പശ്ചിമേഷ്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് മികച്ച ആധുനിക അലോപ്പതി ചികിത്സ തേടിയും നിരവധിയാളുകൾ കേരളത്തിൽ വരുന്നുണ്ട്. ആരോഗ്യ ടൂറിസം രംഗത്തെ മെച്ചപ്പെടുത്തേണ്ടത് ടൂറിസത്തിന്റെ വികസനത്തിന് പ്രധാനമാണെന്ന് ഇത് വ്യക്തമാക്കുന്നു.

### 5. കേരളത്തിന്റെ സാധ്യത

പ്രകൃതിസൗന്ദര്യവും കാലാവസ്ഥയും ജൈവവൈവിധ്യവുമാണ് കേരളത്തിന്റെ പ്രത്യേകത. ഹൈറേഞ്ചിലെ നിത്യഹരിത വനങ്ങളിൽ നിന്നും മലയോരങ്ങളിലൂടെ വേമ്പനാട്ട് കായൽ വഴി തീരദേശത്ത് എത്തുന്നതിന് ഏതാനും മണിക്കൂർ യാത്ര മതി. വിനോദസഞ്ചാരികൾക്ക് അവരുടെ താൽപ്പര്യമനുസരിച്ച് കായലും കടലും മഴനിഴൽകാടും പുൽമേടും തെരഞ്ഞെടുക്കാൻ അവസരമുണ്ട്. ആയുർവേദവും കളരിപ്പയറ്റും പാരമ്പര്യകലാരൂപങ്ങളും മറ്റൊരു ആകർഷണമാണ്. ഇവയെബ്രാൻഡു ചെയ്ത് ലോകവ്യാപകമായി പരിചയപ്പെടുത്തുവാൻ കഴിഞ്ഞു എന്നതാണ് കേരള ടൂറിസത്തിന്റെ വിജയത്തിനാധാരം. ഇവ ഉൾപ്പെടുത്തി വൈവിധ്യമാർന്ന ടൂറിസം ഉൽപ്പന്നങ്ങൾ അവതരിപ്പിക്കാൻ ഇനിയും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കേരളത്തിന്റെ ഓരോ മുക്കിനും മൂലയ്ക്കും ഓരോ സവിശേഷതകളുണ്ട്. അവയുടെ ടൂറിസം സാധ്യതകൾ അനന്തമാണ്. കേരളത്തിന്റെ ഇനിയും പുറംലോകമറിയാത്ത നാട്ടുവിശേഷങ്ങളും തനിമകളും പുത്തൻ ഉത്പന്നങ്ങളായി കണ്ടെത്താൻ ഇടപെടൽ വേണം. ഇതിന് പുത്തൻ സംരംഭകരുടെ ഭാഗത്തുനിന്ന് ഇടപെടൽ വേണം. ഓരോ ടൂറിസം ഉത്പന്നങ്ങളേയും മൂല്യവർധിതമാക്കുകയും കാലോചിതമാക്കുകയും വേണം.

കേരളത്തിലെ ക്രമസമാധാന നിലയും സുരക്ഷിതത്വവും സഞ്ചാരികൾക്ക് സുരക്ഷിതത്വബോധം നൽകുന്നുണ്ട്. രാജ്യത്തുതന്നെ ആദ്യമായി ഏർപ്പെടുത്തിയ ടൂറിസം പോലീസ് സംവിധാനം എടുത്തുപറയേണ്ട ഒന്നാണ്. കേരളത്തിലെ സാർവത്രിക വിദ്യാഭ്യാസവും മെച്ചപ്പെട്ട ആരോഗ്യവും ജീവിത ഗുണമേന്മയും അന്തർദേശീയ ശ്രദ്ധയിൽ വന്നത് വിനോദസഞ്ചാര രംഗത്തും ഗുണമാകുന്നുണ്ട്.
ഹൗസ്ബോട്ടുകളിൽ കായലിലൂടെയുള്ള സഞ്ചാരം കേരളത്തിലെത്തുന്ന വിദേശികൾക്ക് പ്രിയപ്പെട്ടതാണ്. പരമ്പരാഗത വള്ളങ്ങളെ ഹൗസ് ബോട്ടുകളാക്കി രൂപാന്തരപ്പെടുത്തിയത് ഈ രംഗത്തുണ്ടായ സുപ്രധാനമായ ആധുനികവൽക്കരണ നടപടിയായിരുന്നു. കായൽ ഭക്ഷണവും പാടശേഖരങ്ങളും കനാലുകളും കനാൽഓര ആവാസകേന്ദ്രങ്ങളും സഞ്ചാരികൾക്ക് നവീന അനുഭവം നല്കുന്നു. മത്സരസ്വഭാവത്തോടെ ഈ രംഗത്ത് സ്വകാര്യസംരംഭർ എത്തിയിട്ടുണ്ട്.

കേരളത്തിൽ ഏറ്റവും വേഗത്തിൽ പച്ചപിടിക്കുന്നത് ആരോഗ്യ ടൂറിസമാണ്. പഞ്ചകർമ്മ ചികിത്സ പോലുള്ളവയാണ് ഇതിൽ ഏറെ ആകർഷണീയമായിട്ടുള്ളത്. ഈ ചികിത്സ മഴക്കാലത്താണ് പാരമ്പര്യമായി നടത്താറുള്ളത്. എന്നാൽ, ആ കാലഘട്ടം ടൂറിസത്തെ സംബന്ധിച്ചിടത്തോളം അനുകൂലമായ കാലമല്ല. ഇത് ഉണ്ടാക്കുന്ന ഒരു സാഹചര്യം സീസൺ അല്ലാത്ത ഘട്ടത്തിലും ടൂറിസ്റ്റുകളെ ആകർഷിക്കാനാകും എന്നതാണ്. ഈ സവിശേഷത കൂടി കണക്കിലെടുത്ത് ഇത്തരം സാധ്യതകളെ ഉപയോഗപ്പെടുത്താനാവണം. ആഡംബര ഹോട്ടലുകളിൽനിന്ന് വിഭിന്നമായി ഹോംസ്റ്റേ സംവിധാനത്തോടുള്ള ആഭിമുഖ്യത്തേയും ഉപയോഗപ്പെടുത്താനാവണം.

ലോക ജൈവവൈവിധ്യ പട്ടികയിൽ ഉൾപ്പെട്ട പശ്ചിമഘട്ട മേഖലയും റംസാർ പട്ടികയിലുള്ള വേമ്പനാട്ട് കായലും കോൾനിലങ്ങളും നാട്ടിൻപുറങ്ങളുടെ ജീവവായുവായ വയലേലകളും, കുന്നിൻ ചരിവുകളും നീർത്തടങ്ങളും നിത്യഹരിത വനങ്ങളും ഇക്കോ ടൂറിസം മേഖലയിൽ കേരളത്തിന് വലിയ സാധ്യത തുറന്നിട്ടുണ്ട്. ട്രക്കിങ്ങും മലകയറ്റവും മരംകയറ്റവുമെല്ലാം ഉൾപ്പെടുത്തുമ്പോൾ ഇക്കോ ടൂറിസം സാഹസിക ടൂറിസത്തിനും വഴിയൊരുക്കുന്നു. നമ്മുടെ സവിശേഷ കൃഷി രീതികളെ മനസ്സിലാക്കുന്നതിന്

ഫാം ടൂറിസം പ്രയോജനപ്പെടുന്നു.

പശ്ചിമ ഘട്ട വനമേഖലയിൽ ഉൾപ്പെടുന്ന പ്രകൃതി രമണീയമായ കേന്ദ്രങ്ങൾ ഇക്കോ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ ഉൾക്കൊള്ളുന്നവയാണ്. വനം-ടൂറിസം വകുപ്പുകൾ സംയുക്തമായി ടി മേഖലയുടെ സംരക്ഷണം, വികസനം, വനാശ്രയ സമൂഹത്തിന്റെ അഭിവൃദ്ധി എന്നിവ ലക്ഷ്യമാക്കിയുള്ള ടൂറിസം ശാക്തീകരണം എന്നിവയാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലേതു പോലെ ഭീമൻ കോട്ടകളും കൊട്ടാരങ്ങളും കേരളത്തിൽ ഇല്ലെങ്കിലും ഏതു പ്രദേശമെടുത്താലും പൈതൃക സംരക്ഷണ പട്ടികയിൽ പെടുത്താവുന്ന നിർമ്മിതികൾ നമുക്കുണ്ട്. പൈതൃകത്തിന്റെ നിർവ്വചനത്തെ കെട്ടിടം എന്നതിലപ്പുറത്തേക്ക് കലയും സാംസ്കാരവും പാരമ്പര്യ തൊഴിലുകളും എല്ലാമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ കേരളത്തിന്റെ പൈതൃകടൂറിസം പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്. ലോകത്തിനു മുന്നിൽ അഭിമാനപൂർവ്വം കാഴ്ചവയ്ക്കാവുന്ന സാംസ്കാരിക തനിമകളും കലാരൂപങ്ങളും ഉത്സവങ്ങളുംനമുക്കുണ്ട്. അവയെ ആസ്വദിക്കുന്നതിനും വിദേശ സഞ്ചാരികൾക്ക് താൽപ്പര്യമുണ്ട്. അതിനായി സഞ്ചാരികൾ എത്തുന്നുണ്ട്.

## 6. സമീപനത്തിൽ വരുത്തേണ്ട ചില മാറ്റങ്ങൾ

ആധുനിക വിനോദസഞ്ചാരികൾ പാശ്ചാത്യ സുഖഭോഗങ്ങളേക്കാൾ ജീവിതഗന്ധിയായ ചുറ്റുപാടുകൾ തേടിയാണ് കേരളത്തിലേക്ക് എത്തുന്നത്. സഞ്ചാരികളെ ടൂറിസം കേന്ദ്രങ്ങളിലെ കാഴ്ചക്കാരായി മാത്രം മാറ്റാതെ അവിടുത്തെ ചുറ്റുപാടിൽ ഭാഗഭാക്കാക്കുന്നതാണ് പുതിയകാലത്തെ ടൂറിസം പ്രവണത. അത്തരത്തിൽ എക്സ്പീരിയെൻഷ്യൽ ടൂറിസത്തിന് അവസരമൊരുക്കാൻ സംരംഭകരിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാകണം. കേരളത്തിലെ ജീവിതം അനുഭവിച്ചറിയാൻ സഞ്ചാരികൾക്ക് അവസരമൊരുക്കാനാകണം. കേരള ഗ്രാമങ്ങളുടെ ഉള്ളറകളിലേക്ക് യാത്ര ചെയ്യുമ്പോൾ ഗ്രാമീണ ജീവിതത്തിന്റെ സ്പന്ദനവും നൈസർഗിതതയും കലയും ആചാരവും ഭക്ഷണവും എല്ലാം ടൂറിസ്റ്റുകൾക്ക് താൽപ്പര്യമുള്ളതാണെന്ന് തിരിച്ചറിയാനാവണം. ഈ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ ഗ്രാമീണ മേഖലയേയും ടൂറിസത്തിന്റെ ഭാഗമാക്കിയെടുക്കാനും കഴിയുന്നതാണ് എന്ന ധാരണയോടെ പ്രവർത്തിക്കണം.

നമ്മുടെ ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവയ്ക്ക് താങ്ങാവുന്നതിലപ്പുറം നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താനാകണം. കയ്യേറ്റങ്ങളും, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും ടൂറിസം കേന്ദ്രങ്ങളുടെ സ്വാഭാവിക പരിസ്ഥിതിയും, ഭംഗിയും നശിപ്പിക്കുന്നു. അതോടെ, ടൂറിസ്റ്റുകൾ തിരിഞ്ഞുനോക്കാത്ത പ്രദേശമായി അത്തരം സ്ഥലങ്ങൾ മാറുമെന്ന ബോധവത്കരണം കൂടി നടത്തേണ്ടതുണ്ട്. വൻകിട റിസോർട്ടുകൾ മാത്രമല്ല ടൂറിസത്തിന് വേണ്ടത്.

ആഭ്യന്തര-അന്തർദേശീയ ഗതാഗതമാർഗങ്ങളുടെ അപര്യാപ്തത ടൂറിസം വളർച്ചയിൽ കേരളം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ജലഗതാഗത മാർഗ്ഗങ്ങളും, തീരദേശപാതയും ഉപയോഗപ്രദമായാൽ ഗതാഗതകുരുക്കിൽ ടൂറിസ്റ്റുകൾ പെട്ടുപോകുന്നതിന് പരിഹാരമാകും.

## 7. ടൂറിസം മേഖലയിലെ വികസന പ്രവർത്തനങ്ങൾ

ടൂറിസം മേഖലയിൽ രണ്ടുതരത്തിലുള്ള വികസനപ്രവർത്തനങ്ങളാണ് മുഖ്യമായും നടക്കുന്നത്. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ടൂറിസം കേന്ദ്രങ്ങളിൽ പൊതുവായ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ നടക്കുന്നു. ഹൗസ് ബോട്ടുകൾ, ഹരിത-ഗ്രാമീണ പാർപ്പിടകേന്ദ്രങ്ങൾ, ആയൂർവേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ആരോഗ്യ ടൂറിസം, ഫാം ടൂറിസം, സാഹസിക ടൂറിസം, കായൽ ടൂറിസം തുടങ്ങിയ ഒട്ടനവധി ടൂറിസം ഉത്പന്നങ്ങൾക്ക് വിവിധ സംരംഭകർ രൂപംനല്കിയിട്ടുണ്ട്. ഈ മേഖലകളിൽ സർക്കാർ നിക്ഷേപത്തിനൊപ്പം സ്വകാര്യ സംരംഭകരെ കൂടുതൽ ആകർഷിക്കാനും പ്രവർത്തന സൗകര്യം ഒരുക്കാനും നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്താനും പറ്റാവുന്ന തരത്തിലുള്ള

ഇടപെടലുകൾ സർക്കാർ നടത്തുന്നതാണ്.

ചെറുകിട സംരംഭങ്ങൾക്ക് പരമാവധി പ്രോത്സാഹനം നൽകണം. തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം ടൂറിസം വികസനത്തിൽ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ആതിഥേയ മര്യാദ, ശുചിത്വം എന്നിവ ഉറപ്പാക്കുന്ന ചെറുകിട സംരംഭങ്ങൾ തദ്ദേശവാസികൾക്കും പ്രയോജനം ചെയ്യും എന്ന് കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണം.

വിനോദസഞ്ചാരികളുടെ വരവ് കൂടുന്നതനുസരിച്ച് ഗുണമേന്മയുള്ള താമസസൗകര്യങ്ങൾ വർധിക്കേണ്ടതുണ്ട്. എന്നാൽ ഹോട്ടൽ മുറികളുടെ എണ്ണം കൂട്ടുക മാത്രമല്ല വേണ്ടത്. മാറുന്ന അഭിരുചിക്ക് അനുസരിച്ച് പുത്തൻ ടൂറിസം ഉത്പന്നങ്ങൾ സൃഷ്ടിക്കാനും ശ്രമിക്കും. റിസോർട്ടുകളുടെ ആവശ്യത്തേക്കാൾ ഹോംസ്റ്റേ സമ്പ്രദായം വിനോദസഞ്ചാരികൾക്ക് പ്രിയങ്കരമായിത്തീരുന്നു എന്ന് മനസ്സിലാക്കാനും അതനുസരിച്ചുള്ള സൗകര്യങ്ങൾ സൃഷ്ടിക്കാനും ശ്രമിക്കുന്നതാണ്.

വിനോദസഞ്ചാരികൾക്ക് കൃഷി അടക്കമുള്ളതിൽ പങ്ക് ചേരുന്നതിന് അവസരം കൂടി ലഭ്യമാക്കേണ്ടതുണ്ട്. വിദേശീയർ മാത്രമല്ല തദ്ദേശ ടൂറിസ്റ്റുകളും ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്. വാരാന്ത്യ സന്ദർശന ഇടമായി ഇത്തരം മേഖലകളെ വിപുലപ്പെടുത്താൻ കഴിയണം. ഒരു കാർഷിക സംസ്കാരം വികസിപ്പിക്കുന്നതിനും ഇതിലൂടെ നമുക്ക് കഴിയുന്നതാണ്.

വിദേശികൾക്ക് കൂടി ആസ്വദിക്കാൻ കഴിയുംവിധം ഫലപ്രദമായി അവതരിപ്പിക്കാനുള്ള പുത്തൻ വേദികൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ഭീമൻ കെട്ടുരുപ്പടികൾ ഉൾക്കൊള്ളുന്ന കെട്ടുകാഴ്ചകൾ ഉള്ളതുമായ മറ്റ് ഉത്സവങ്ങളെയും ടൂറിസത്തിൻറെ ഭാഗമായി പരിചയപ്പെടുത്തുന്നത് വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സഹായിക്കും. കഥകളി, കളരിപ്പയറ്റ്, വള്ളംകളി, പൂരം, ഓണാഘോഷം തുടങ്ങിയ കലാ സാംസ്കാരിക

പ്രദർശനങ്ങളെ വിനോദസഞ്ചാരവുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കാനാവണം.

മലബാർ മേഖയിലെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. മലബാറിന്റെ ടൂറിസം വികസനത്തിനായി പ്രത്യേക പാക്കേജ് കൊണ്ടുവന്നുകൊണ്ട് അത്തരം സാധ്യതകളെ വിപുലപ്പെടുത്താനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

## 8. ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

ടൂറിസം വികസനത്തിന് പദ്ധതികൾ തയ്യാറാക്കുമ്പോൾ ആ രംഗത്ത് കടന്നുവരുന്ന അനാശാസ്യ പ്രവണതകളെ തിരിച്ചറിയുകയും അതിനെ പ്രതിരോധിക്കാനും കഴിയേണ്ടതുണ്ട്. കേരളത്തിന്റെ ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്ന പ്രശ്നം കായൽ ടൂറിസവുമായി ബന്ധപ്പെട്ട് സജീവമായി ഉയർന്നുവരുന്നുണ്ട്. ഹൗസ്ബോട്ടുകൾ ഉണ്ടാക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ബയോ ടോയ്ലറ്റ് അടക്കമുള്ള സംവിധാനങ്ങൾ നിർബന്ധിതമാക്കാൻ കഴിയണം.

വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നതിന് കഴിയേണ്ടതുണ്ട്. സുഖ ചികിത്സയുടെ പേരിൽ നടക്കുന്ന അനാശാസ്യ പ്രവർത്തനങ്ങൾ തടയാനും കഴിയണം. ആരോഗ്യ ടൂറിസം രംഗത്ത് ശക്തമായ നിയന്ത്രണങ്ങൾ വരുത്തേണ്ടതുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയും, സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണം കർശനമാക്കിയും മുന്നോട്ട് പോയാൽ അത്തരം അപകടസാധ്യതകൾ ഇല്ലാതാക്കാനാകും.

## 9. ഉത്തരവാദിത്ത ടൂറിസം

ഉത്തരവാദിത്ത ടൂറിസം (Responsible Tourism) എന്നത് കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. ഒരു ടൂറിസ്റ്റ് കേന്ദ്രത്തെ ആ നാട്ടിലെ ജനങ്ങൾക്കു നന്നായി ജീവിക്കാൻ കഴിയുന്ന തരത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ, സഞ്ചാരികൾക്ക് എത്താനും, താമസിക്കാനും, ആസ്വദിക്കാനും കഴിയുന്ന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസമെന്നതിന്റെ ലളിതമായ വ്യാഖ്യാനം . ടൂറിസം വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദേശവാസികൾക്കു ലഭ്യമാക്കുക, പ്രദേശത്തിന്റെ കലാ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, പ്രാദേശിക സമൂഹത്തിന്റെ ജീവിതരീതികൾക്കു മേൽ ആഘാതമേൽപ്പിക്കാതെ

ടൂറിസം വ്യവസായം മുന്നോട്ടുകൊണ്ടുപോകുക, പരിസ്ഥിതി ആഘാതങ്ങൾ പരമാവധി ലഘൂകരിക്കുക എന്നിവയാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ഘടകങ്ങൾ.

ഏറ്റവും പ്രയോജനപ്രദമായ മാർഗ്ഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി അംഗീകരിക്കപ്പെടുന്നതാണ്. ഇന്ത്യയിൽ ഈ ആശയത്തിന്റെ പ്രസക്തി മനസ്സിലാക്കി അത് പ്രാവർത്തികമാക്കിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയ ഇന്ത്യയിലെ പ്രഥമ ടൂറിസം കേന്ദ്രമാണ് കോട്ടയം ജില്ലയിലെ കുമരകം. നിലവിലുള്ള വിജയ മാതൃകകൾ അനുസരിച്ച് ഉത്തരവാദിത്തടൂറിസം കേന്ദ്രം രൂപപ്പെടുത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണായക പങ്ക് വഹിക്കാനാകും. തദ്ദേശീയർക്കും ടൂറിസം സംരഭകർക്കും ഇടയിലെ പ്രധാനകണ്ണിയായി തദ്ദേശസ്ഥാപനങ്ങൾ പ്രവർത്തിക്കണം. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ സർക്കാരിന്റെ നിലവിലുള്ള ദാരിദ്ര്യ നിർമാർജ്ജന-ലഘൂകരണ പരിപാടികളുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ടൂറിസം പദ്ധതികളുടെ ഗുണം തദ്ദേശീയരായ പാവപ്പെട്ടവർക്ക് ലഭ്യമാക്കുക എന്നതാണ് പ്രധാനം. ഇക്കാര്യത്തിൽ നേതൃപരമായ പങ്കും ദിശാബോധവും നല്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം.

ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഒരു മേഖല മാറുമ്പോൾ, അവിടുത്തെ പ്രാഥമികസൗകര്യങ്ങളും പൊതുവികാസവും സംഭവിക്കുന്നു. ഇതിനായി ടൂറിസം സംരംഭകരും പ്രാദേശിക ജനതയും ഒത്തുചേരുന്ന വേദികൾ രൂപപ്പെടണമെന്നാണ് ഈ രംഗത്ത് വിജയംവരിച്ച പദ്ധതികളിൽ നിന്ന് വ്യക്തമാകുന്നത്. ഒരു ടൂറിസം പദ്ധതിയുടെ വികസനം പുറത്തുനിന്ന് കാണാനെത്തുന്നവർക്ക് വേണ്ടി മാത്രമല്ല, പ്രദേശത്തിന്റെ പൊതു ആവശ്യമാണെന്ന ബോധം പ്രദേശവാസികളിൽ സൃഷ്ടിക്കാൻ കഴിയണം. പ്രദേശത്തെ സാധാരണ കർഷകർ, കൈത്തൊഴിലുകാർ, കുടുംബശ്രീ പ്രവർത്തകർ, കലാപ്രവർത്തകർ എന്നിവർക്ക് ആ നാട്ടിലെ ടൂറിസം കേന്ദ്രത്തിൽ നിന്ന് ചെറിയ തോതിലെങ്കിലും നിശ്ചിതവരുമാനമോ അധിക വരുമാനമോ ലഭിക്കുന്ന നില വരണം. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും പ്രധാനമാണ്. ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡറുകൾ തുടങ്ങിയവരെ മുഖ്യധാരയിലെത്തിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസത്തിലൂടെ കഴിയും.

## 10. ലക്ഷ്യവും ദൗത്യവും

കേരളത്തിലേക്ക് വരുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുക. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ 50 ശതമാനമെങ്കിലും വർധനവ് ഉണ്ടാക്കുക. അവധി ദിനങ്ങളിലും മറ്റും സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കുടുംബസമേതം യാത്ര പോകുന്ന തരത്തിലുള്ള ടൂറിസം താൽപര്യം മലയാളികൾക്കിടയിൽ വർധിപ്പിക്കുക.

ഉത്തരവാദിത്ത ടൂറിസവും, പുതിയ ടൂറിസം നയവും വഴി കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക. തെരഞ്ഞെടുക്കപ്പെടുന്ന വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര നിലവാരമുള്ള വികസന പദ്ധതികൾ നടപ്പാക്കുക.

ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിന് പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകുക.

പരിസ്ഥിതി സൗഹൃദവും മാലിന്യമുക്തവുമായ ഉത്തരവാദിത്തടൂറിസം എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും നടപ്പാക്കുക

## 11. സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മപരിപാടി

സുസ്ഥിര വികസനം കൈവരിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസത്തിന്റെ പങ്ക് കണക്കിലെടുത്ത് സംസ്ഥാനത്താകമാനം ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളും. ഇതിനാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചത്

കേരളത്തിലെ എല്ലാ ടൂറിസംകേന്ദ്രങ്ങളുടേയും ക്യാരിയിങ് കപ്പാസിറ്റി പഠനം അടിയന്തിരമായി

നടത്തും. ജലടൂറിസം മേഖലയിൽ ക്യാരിയിങ് കപ്പാസിറ്റി അനുസരിച്ച് മാത്രമേ ഹൗസ് ബോട്ടുകളെ അനുവദിക്കൂ. തീരദേശ പരിപാലന നിയമങ്ങളും ഭൂവിനിയോഗനിയമങ്ങളും എത്രമാത്രം പാലിക്കപ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങളുടെ പട്ടിക രൂപപ്പെടുത്തി പ്രസിദ്ധീകരിക്കും.

ഉത്തരവാദിത്ത ടൂറിസത്തിന്റെ വിവിധ ഘടകങ്ങളുടെ ഏകോപനം ഫലപ്രദമാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻകൈ സാധ്യമാക്കും. ടൂറിസം വികസനത്തിനായുള്ള പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമായി ആവിഷ്കരിക്കും. മികച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതികളുടെ പ്രവർത്തനം മനസിലാക്കാൻ തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പഠനയാത്രകളും, കേന്ദ്രീകൃത പരിശീലനവും സംഘടിപ്പിക്കും.

ടൂറിസം കേന്ദ്രങ്ങൾ പ്രത്യേക ശുചിത്വപ്ലാൻ തയ്യാറാക്കണം. ഉറവിട മാലിന്യസംസ്കരണം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തും. പ്ലാസ്റ്റിക്കുകളും ജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള മാർഗങ്ങൾ മുൻകൂട്ടി തയ്യാറാക്കി നടപ്പാക്കുന്നവർക്ക് മാത്രമേ അംഗീകാരംലഭിക്കുകയുള്ളൂ. ഹൗസ് ബോട്ടുകൾ മാലിന്യം സംസ്കരിക്കാൻ പൊതുസംവിധാനം സ്ഥാപിക്കണം. ഇതുലംഘിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കും.

ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് ഹരിതചട്ടം നിർബന്ധമാക്കും. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കണം.

ജില്ലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഉത്തരവാദിത്ത ടൂറിസം വിപുലപ്പെടുത്തുന്നതിനായി ടൂറിസം ഡയറക്ടറുടെ നേതൃത്വത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കും. മിഷന്റെ നേതൃത്വത്തിൽ ഫീൽഡ് തല പ്രവർത്തനം നിർബന്ധമാക്കും. കിറ്റ്സിലെ സെൻറർ ഫോർ റെസ്പോൺസിബിൾ ടൂറിസം വഴി പരിശീലന പരിപാടികൾ, ഗവേഷണം, പഠനം, പ്രസിദ്ധീകരണം എന്നിവയും നടപ്പാക്കും.

ഉത്തരവാദിത്ത ടൂറിസത്തിന്റെ അന്ത:സത്ത ചോർന്ന് പോകാതെ നിലനിർത്തുന്നതിനും ഊട്ടിയുറപ്പിക്കുന്നതിനും ടൂറിസം സംരംഭങ്ങളെ വേർതിരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കും.

ടൂറിസം കേന്ദ്രങ്ങൾ കുറ്റമറ്റ രീതിയിൽ പരിപാലിച്ച് നിലനിർത്തുന്നതിന് അടിസ്ഥാന വിഷയങ്ങളെ ഉൾക്കൊള്ളിച്ച് പ്രത്യേക കർമ്മ പദ്ധതി ഡെസ്റ്റിനേഷൻ മാനേജർമാരുടെ നേതൃത്വത്തിൽ നടപ്പാക്കും. ഡെസ്റ്റിനേഷനുകളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് തരംതിരിച്ച് ഗ്രേഡ് സമ്പ്രദായം നടപ്പിലാക്കും. സാമൂഹിക പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, ടൂറിസം കേന്ദ്രങ്ങളുടെ പൊതു പെരുമാറ്റ മര്യാദകൾ, മികച്ച ആശയ വിനിമയം എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ടുള്ള പരിശീലന പദ്ധതികൾ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, പൊതു സമൂഹത്തിനും നല്കും. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ടെക്നോളജി, ഐടി@സ്കൂൾ, കിറ്റ്സ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഈ പദ്ധതി നടപ്പിലാക്കും.

## 12. പുതിയ ടൂറിസം ഉൽപന്നങ്ങൾ

കേരളത്തെ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിലേക്കായി റിന്യൂവബിൾ എനർജി വ്യാപകമാക്കും. പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കും. ഖരമാലിന്യങ്ങൾ എവിടെയും കുമ്പാരമാക്കാൻ അനുവദിക്കില്ല. ഇലക്ട്രിക്കൽ വെഹിക്കിൾ വ്യാപിപ്പിക്കും. മാലിന്യരഹിത ജലമാർഗ ഗതാഗതം പ്രോത്സാഹിപ്പിക്കും. കീടനാശിനികൾ ഇല്ലാത്ത പച്ചക്കറികൾ എവിടെയും ലഭ്യമാക്കും. പരിസ്ഥിതി സൗഹൃദ ടൂറിസം വികസിപ്പിക്കും.

(1) പുതിയ ഉൽപന്നങ്ങൾ കണ്ടെത്തി ടൂറിസം അനുഭവത്തെ കൂടുതൽ വൈവിദ്ധ്യവത്ക്കരിക്കേണ്ടതുണ്ട്. ടൂറിസ്റ്റുകൾക്ക് കൂടുതൽ പങ്കാളിത്ത അനുഭവം നൽകുന്ന ഉൽപന്നങ്ങൾ ഉണ്ടാകണം. ഇതിനായി സർക്കാർ ഇടപെടൽ ഉണ്ടാകും.

(2) ആയുർവേദ ചികിത്സ കൂടുതൽ ആകർഷകവും ശാസ്ത്രീയവും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശക്തമായ നടപടിയുണ്ടാകും. പ്രത്യേക രോഗങ്ങൾക്ക് ആയുർവേദ വിധി പ്രകാരമുള്ള പാക്കേജുകൾ

തയ്യാറാക്കണം. ദന്തചികിത്സ പാശ്ചാത്യരാജ്യങ്ങളെക്കാൾ വളരെ ചെലവു കുറച്ച് നമ്മുടെ നാട്ടിൽ നിർവഹിക്കാനാവും. ആരോഗ്യ ടൂറിസത്തിന്റെ ഇത്തരം മേഖലകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കും.

(3) ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ, മറ്റ് വിനോദസഞ്ചാരകേന്ദ്രങ്ങൾ തുടങ്ങിയവയുടെ റേറ്റിംഗ് സമ്പ്രദായം കൂടുതൽ കർശനമാക്കും. ഹോട്ടലുകൾക്ക് ഇന്ന് നിലവിലുള്ള സ്റ്റാർ പദവികൾക്കു പുറമെ സേവന ഗുണനിലവാരവും കൂടി കണക്കിലെടുത്ത് പ്രത്യേക റേറ്റിംഗ് നൽകും.

(4) കൊച്ചി ബിനാലെ ഇതിനകം ലോക കലാപ്രദർശനത്തിൽ ഒരു സ്ഥാനം നേടികഴിഞ്ഞിട്ടുണ്ട്. സമാനമായി അന്താരാഷ്ട്ര ശ്രദ്ധ നേടുന്ന വേദികൾ സൃഷ്ടിക്കാൻ ഇടപെടലുണ്ടാകും. ആഗോള ലിറ്ററി ഫെസ്റ്റിവൽ, രാജ്യാന്തര സംഗീതോത്സവം തുടങ്ങിയവ സാമൂഹികസംഘടനകളുടെ പങ്കാളിത്തതോടെ സംഘടിപ്പിക്കും. രാജ്യാന്തര ചലച്ചിത്രോത്സവം, രാജ്യാന്തരനാടകോത്സവം തുടങ്ങിയവ പുതിയ ടൂറിസം ഉത്പന്നങ്ങളാക്കി മാറ്റും.

(5) കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉത്സവങ്ങളുടെയും ജലമേളകളുടെയും വാർഷിക കലണ്ടർ ലഭ്യമാക്കും. ഈ കലണ്ടറിൽ സ്ഥാനം പിടിക്കണമെങ്കിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ രൂപപ്പെടുത്തും.

(6) കേരളത്തിലെ അനുഷ്ഠാനകലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള കലാകാരന്മാർക്ക് അക്രെഡിറ്റേഷൻ നൽകുകയും അവ സംബന്ധിച്ച് വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്യും. അന്യം നിന്ന് പോകുന്ന കലാരൂപങ്ങൾ സംരക്ഷിച്ച് വിദേശസഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കാൻ പ്രോത്സാഹന പദ്ധതികൾ ആവിഷ്ക്കരിക്കും.

(7) ക്രാഫ്റ്റ വില്ലേജുകൾ സ്ഥാപിച്ച് ടൂറിസ്റ്റുകളുടെ ഓർഡർ പ്രകാരം ഉല്പന്നങ്ങൾ നേരിട്ട് വാങ്ങാൻ സൗകര്യമുണ്ടാക്കും. ഇരിങ്ങൽ സർഗാലയ, വെള്ളാർ എന്നീ ക്രാഫ്റ്റ് വില്ലേജുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തും. ഇരിങ്ങൽ സർഗാലയയിൽ കരകൗശല ഉത്പന്നങ്ങളുടെ നിർമ്മാണം മുതൽ ഉത്പാദനം വരെ കണ്ട് മനസിലാക്കാൻ സൗകര്യമുണ്ടാകും. എല്ലാ വർഷവും അന്താരാഷ്ട്ര കലാ കരകൗശല മേള സംഘടിപ്പിക്കും. കലാ-കരകൗശല ഗ്രാമങ്ങളുടെ പുനർനിർമ്മിത മാതൃക സർഗാലയയിൽ തയ്യാറാക്കും. കരകൗശല ഉല്പന്നങ്ങളുടെ ഡിസൈനിംഗിനും, ഉല്പാദനത്തിനും ഈ കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലന പരിപാടികൾ നടപ്പാക്കും. സ്വർണ്ണം, വെള്ളി,ഓട്, കളിമണ്ണ് മേഖലയിലെ പരമ്പരാഗത തൊഴിലാളികളുടെ വൈദഗ്ദ്യം ടൂറിസം ബന്ധിത ഉല്പന്നങ്ങൾ സൃഷ്ടിക്കുന്നതിനായി പ്രയോജനപ്പെടുത്തും.

(8) വയനാട്ടിൽ വൻജനപ്രീതി നേടികൊണ്ടിരിക്കുന്ന മഡ്ഫുട്ബോൾ മികച്ച മൺസൂൺകാല വിനോദമായി വികസിപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ പ്രാദേശികമായ കായികവിനോദങ്ങൾ കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ ഉൾപെടുത്തും. ഗവി പോലെ കാലവർഷ കാലത്ത് വേറിട്ട അനുഭവം നൽകുന്ന കേന്ദ്രങ്ങളെ സ്വദേശത്തും, വിദേശത്തും പരിചയപ്പെടുത്തുന്നത് വഴി സീസണല്ലാത്ത മൺസൂൺകാലം കൂടി വിപണനം ചെയ്യാനാകും.

(9) മുസിരിസ് പൈതൃകപദ്ധതിയും തലശേരി പൈതൃകപദ്ധതിയും വിഭാവനം ചെയ്തതുപോലെ സമയബന്ധിതമായി നടപ്പാക്കും. കേരളത്തിലെ പുരാതന തുറമുഖ കേന്ദ്രങ്ങളെയും സുഗന്ധദ്രവ്യങ്ങളുടെ കൃഷികേന്ദ്രങ്ങളായ കാലടി, ആനക്കര തുടങ്ങിയ ഉൽപാദനമേഖലകളെയും ബന്ധപ്പെടുത്തി സ്പൈസസ് റൂട്ട് ആവിഷ്ക്കരിക്കുക എന്ന യുനെസ്കോ കാഴ്ച്ചപ്പാട് പ്രാവർത്തികമാക്കാൻ മുൻഗണന നൽകും.

(10) കൃഷി, പരമ്പരാഗത വ്യവസായം, കലാരൂപങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി പ്രത്യേക ചെറു മ്യൂസിയങ്ങൾ രൂപീകരിച്ച് പൈതൃക സർക്യൂട്ടിൽ ഉൾപ്പെടുത്തും.

(11)തോട്ടം മേഖല, കൃഷിയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഫാം ടൂറിസം വികസിപ്പിക്കുന്നതിന് ഗ്രീൻഫാം പദ്ധതി നടപ്പാക്കും. കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഫാമുകളും, മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മാട്ടുപ്പെട്ടി പോലുള്ള കന്നുകാലി ഫാമുകളും ഉൾപ്പെടുത്തി ടൂറിസം പാക്കേജുകൾ തയ്യാറാക്കും. ഇടത്തര, ചെറുകിട കർഷകരെ ഉൾപ്പെടുത്തി പ്രത്യേക കാർഷിക പാക്കേജുകൾ വികസിപ്പിച്ച് ഗ്രീൻഫാം പദ്ധതിക്ക് മൂല്യവർദ്ധിത ടൂറിസം ഉല്പന്നങ്ങൾ ലഭ്യമാക്കും.

(12) തദ്ദേശീയ ഭക്ഷണ പാനീയങ്ങൾ ടൂറിസം ഉല്പന്നമായി വികസിപ്പിക്കുന്നതിന് വേണ്ടി പ്രാദേശിക, ദേശീയ, അന്തർദേശീയ തലത്തിൽ ഭക്ഷ്യമേളകളും, മത്സരങ്ങളും സംഘടിപ്പിക്കും.

(13) കരയിലും, ജലത്തിലും, ആകാശമാർഗ്ഗവുമുള്ള ഇക്കോ സാഹസിക വിനോദയാത്ര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അടുത്ത പത്ത് വർഷം പ്രാമുഖ്യം നൽകും.ഇവ പ്രോത്സാഹിപ്പിക്കുന്ന ടൂർ ഓപ്പറേറ്റർമാർക്ക് പ്രത്യേക പ്രോത്സാഹനവും നൽകും.സാഹസിക ടൂറിസം പദ്ധതികൾക്ക് അതിവേഗ അനുമതി നൽകുന്നതിനായി ഏകജാലക പദ്ധതി നടപ്പിലാക്കും.

(14) പുത്തൻ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കും. സാഹസിക ടൂറിസം പദ്ധതികൾക്ക് മുൻഗണന ലഭിക്കുന്ന പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിക്കും.

(15) ടൂറിസം രംഗത്ത് പ്രായേണ അവികസിതമായി നിലകൊള്ളുന്ന ഉത്തര മലബാർ പ്രദേശം കേന്ദ്രീകരിച്ച് ബാക്ക് വാട്ടർ ടൂറിസം,വെൽനസ്സ് ടൂറിസം, മെഡിക്കൽ ടൂറിസം, പൈതൃക ടൂറിസം ലെഷർ ടൂറിസം എന്നിവ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കും.

(16) വൻ കിട-ഇടത്തരം കമ്പനികളുടെ അന്താരാഷ്ട്ര-ദേശീയ സമ്മേളനങ്ങൾക്ക് വേദിയൊരുക്കുകവഴി ലീൻ സീസൺ തരണം ചെയ്യാൻ സാധിക്കും. ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. പൊതു-സ്വകാര്യ പങ്കാളിത്തം ഈ മേഖലയിൽ പ്രയോജനപ്പെടുത്തും.

## 13. **അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ**

അന്താരാഷ്ട്രതലത്തിൽ മത്സരം നേരിടുന്ന വ്യവസായം എന്ന നിലയിൽ അന്താരാഷ്ട്ര നിലവാരമുള്ള സേവനം ലഭ്യമാക്കേണ്ടത് കേരള ടൂറിസത്തിന്റെ അനിവാര്യതയാണ്. പൊതു അടിസ്ഥാന സൗകര്യങ്ങളും ടൂറിസം അടിസ്ഥാന സൗകര്യങ്ങളും ലോകനിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ രംഗത്ത് കേരളം മുന്നിലാണെങ്കിലും ഇനിയും മുന്നേറാനുണ്ട്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പൊതുവായ അടിസഥാന സൗകര്യവികസനം സർക്കാരിന്റെ ചുമതലയാണ്. റോഡ്, കുടിവെള്ളം, പൊതു ടോയ്ലറ്റുകൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ, കേബിൾ, ഇൻറർനെറ്റ് കണക്ടിവിറ്റി, വൈദ്യുതി, കായൽ ടൂറിസത്തിന് വിഘാതം സൃഷ്ടിക്കുന്ന ആഫ്രിക്കൻ പായൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം, പാർക്കിംഗ് എന്നിവ ഇതിലുൾപ്പെടും. ഓരോ ടൂറിസം കേന്ദ്രത്തിലേയും പശ്ചാത്തലസൗകര്യ മാസ്റ്റർ പ്ലാൻ തയ്യാറാക്കും.

വെസ്റ്റേൺ ഗാട്ട്സിന്റെ ഭാഗമായുള്ള മലയോരങ്ങളെ ബന്ധപ്പെടുത്തി ലോകോത്തര സഫാരി പാർക്ക് സ്ഥാപിക്കാനുള്ള സാധ്യത സർക്കാർ കാണുന്നു. (Manmade Forest and Wild Safari Park) വടക്കൻ കേരളത്തിൽ ഫിലിം സിറ്റിയും അമ്യൂസ്മെൻറ് പാർക്കും സ്ഥാപിക്കാൻ ശ്രമിക്കും.

ദേശീയ ജലപാത യാഥാർത്ഥ്യമാക്കിക്കൊണ്ട്, അതിലേക്ക് റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതും അതുവഴി പുതിയ ഡെസ്റ്റിനേഷനുകൾ സൃഷ്ടിക്കുന്നതും ജല-കനാൽ ടൂറിസം വികസിപ്പിക്കുന്നതുമാണ്.

നാഷണൽ ഹൈവേ, തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയ ജലപാത - ഇവയെല്ലാം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുകയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവയെ വികസിപ്പിക്കുന്നതിനോടൊപ്പം, റെയിൽ മാർഗം ശക്തിപ്പെടുത്തി പ്രമുഖ റെയിൽവേ സ്റ്റേഷനുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തും.

നിശ്ചിത കാലയളവിനുള്ളിൽ ഹരിതകേരള മിഷൻ വഴി, സംസ്ഥാനത്തെ കാർബൺ നെഗറ്റീവ് ഗ്രീൻ ക്യാപ്പിറ്റൽ ആയി മാറ്റി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന നടപടി സ്വീകരിക്കും.

പശ്ചാത്തലസൗകര്യ മാസ്റ്റർ പ്ലാനുകൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻകൈയിൽ നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കും. ഇതിന് വിവിധ ഡിപ്പാർട്ടുമെൻറുകളും ഏജൻസികളും തമ്മിലുള്ള ഏകോപനം ഉറപ്പാക്കും.

അടിസ്ഥാന ഇൻറർനെറ്റ് സൗകര്യം കേരളത്തിലെങ്ങും ഏർപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റും.

സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്താൻ പുതിയ റോഡുകൾ

നിർമ്മിക്കുന്നതിനോടൊപ്പം നിലവിലുള്ളവ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തും. കിഫ്ബി വഴിയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പുകളും തമ്മിലുള്ള ഏകോപനം വഴിയും ഇത് നടപ്പാക്കും.

മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ടൂറിസം വകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനായും, റവന്യൂ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, വൈദ്യുതി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, വനം വകുപ്പ്, ജലസേചന വകുപ്പ് എന്നിവയുടെ മന്ത്രിമാർ അംഗങ്ങളായുമുള്ള ക്യാബിനറ്റ് കമ്മിറ്റിയുടെ മേൽനോട്ടം ഇതിനുണ്ടാകും.

കേരളത്തിലേയ്ക്കുള്ള ഉയർന്ന യാത്രാ ചെലവ്, നേരിട്ടുള്ള വിമാനങ്ങളുടെ എണ്ണക്കുറവ് എന്നിവ കൂടുതൽ ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിന് തടസമാണ്. യൂറോപ്പിൽ നിന്ന് കേരളത്തിലേയ്ക്ക് നേരിട്ടുള്ള വിമാനസർവീസുകൾ ഉണ്ടായാൽ വലിയ ഗുണം ചെയ്യും. വിമാനത്താവളങ്ങളിൽ നിന്ന് ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് മികച്ച യാത്രാസൗകര്യം ഉറപ്പുവരുത്തും.

സ്വകാര്യ സംരംഭകർ ഒരുക്കുന്ന ഹൗസ് ബോട്ടുകൾ, ഗ്രീൻ ഹൗസുകൾ, ആയുർവ്വേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ തുടങ്ങിയവയിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവ് വിലയിരുത്തി അവർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ സമയബന്ധിതമായി സൃഷ്ടിക്കും.

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെ താമസസൗകര്യം വർദ്ധിപ്പിക്കും. ഇതിനായി ഹോം സ്റ്റേകൾക്ക് മുൻഗണന നൽകും. സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി ഓരോ കേന്ദ്രത്തിനും പ്രത്യേക പാക്കേജുകൾ തയ്യാറാക്കും.

മികച്ച സാമൂഹിക അന്തരീക്ഷം വിനോദസഞ്ചാരവികസനത്തിന് അത്യന്താപേക്ഷിതമാണ്. പൊതുക്രമസമാധാനനില മെച്ചപ്പെടുത്തും. ഇതിനൊപ്പം ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക സുരക്ഷാ സംവിധാനങ്ങളോടെ സുരക്ഷ മെച്ചപ്പെടുത്തും. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം പോലീസ് കേന്ദ്രങ്ങൾ ഉറപ്പാക്കും. ടൂറിസം മേഖലയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണവും പരിശീലന ക്ലാസുകളും സംഘടിപ്പിക്കും.

സാഹസികവിനോദസഞ്ചാരകേന്ദ്രങ്ങളിലും ജല വിനോദകേന്ദ്രങ്ങളിലും മറ്റും സുരക്ഷ ഉറപ്പാക്കാൻ നടപടിയുണ്ടാകും. നീന്തൽ അറിയാവുന്ന ടൂറിസ്റ്റ് വാർഡന്മാരെ ജല ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിക്കും.

ടൂറിസം അടിസ്ഥാനസൗകര്യങ്ങളിൽ വഴിയോര സൗകര്യങ്ങൾ, സൈൻ ബോർഡ്, വിവര ലഭ്യതാ കേന്ദ്രം, താമസസൗകര്യം തുടങ്ങിയവയ്ക്ക് നിർണായക പങ്കുണ്ട്. ഇതിനായി ടൂറിസം വകുപ്പ് മുൻകൈയ്യെടുത്ത് സ്വകാര്യ മേഖലയെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളേയും സഹകരണ പ്രസ്ഥാനങ്ങളേയും സഹകരിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കും. ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന ഗ്രീൻകാർപ്പെറ്റ് പദ്ധതി ഇത്തരം ഏകോപനത്തിന് ആക്കം കൂട്ടും.

മൊബൈൽ ക്യാമറയിൽ സെൽഫി ചിത്രം പകർത്തുന്നതിനിടെ കുറെയധികം മരണം നമ്മുടെ നാട്ടിലും രാജ്യത്തും വിദേശത്തുമെല്ലാം സംഭവിക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ അപകടകരമായ മേഖലകളിൽ മുന്നറിയിപ്പ് നൽകി നോ സെൽഫി സോൺ ബോർഡുകൾ സ്ഥാപിക്കും.

വിനോദസഞ്ചാരകേന്ദ്രങ്ങളിലെ പാർക്ക്, ജലതീര മേഖലകൾ തുടങ്ങിയവയവയുടെ പരിപാലനത്തിനും സംരക്ഷണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കും. ഇതിനായി ജില്ലാ ടൂറിസം വികസന കൗൺസിലും (ഡിറ്റിപിസി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ സഹകരണം ഉറപ്പാക്കും.

ടൂറിസവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (കെടിഐഎൽ) ചുമതലപ്പെടുത്തും.

ടൂറിസം വകുപ്പ് പുതുതായി നിർമ്മിക്കുന്ന എല്ലാ അടിസ്ഥാന സൗകര്യ പദ്ധതികളും ഭിന്നശേഷിയുള്ളവർക്കും, ട്രാൻസ്ജെൻഡറുകൾ അടക്കമുള്ള പാർശ്വവല്ക്കരിക്കപ്പെട്ടവർക്കും പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നിലവിലുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഇതിനനുസൃതമായി മെച്ചപ്പെടുത്തും.

## 14. വിഭവസമാഹരണം

(1) വിഭവസമാഹരണത്തിന് സർക്കാർ മുന്നോട്ടുവച്ച പുത്തൻ ആശയമായ കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാനസൗകര്യ വികസനത്തിനായി പരമാവധി ഉപയോഗപ്പെടുത്തും.

(2) ടൂറിസം കേന്ദ്രങ്ങളിലെ പശ്ചാത്തലസൗകര്യങ്ങൾ സ്വകാര്യ നിക്ഷേപകർക്കുള്ള സഹായങ്ങൾ, പരസ്യം, പരിശീലനം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള സർക്കാർ ബജറ്റ് വിഹിതം ഗണ്യമായി വർദ്ധിപ്പിക്കും. ടൂറിസം മേഖലയിൽ നിന്നു സമാഹരിക്കുന്ന വിഭവത്തിൽ ഗണ്യമായ ഒരു നിശ്ചിതവരുമാനം ഈ മേഖലയുടെ തന്നെ വികസനത്തിനായി മുതൽ മുടക്കും. സ്വകാര്യ സംരംഭകരാണ് ഈ വ്യവസായമേഖലയിലെ മുഖ്യനിക്ഷേപകരും സംരംഭകരും എന്ന് അംഗീകരിക്കുന്നതിനോടൊപ്പം നിലവിലുള് പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന സമീപനം കൈക്കൊള്ളും.

(3) സ്വകാര്യ- സഹകരണ മേഖലയുടെ നിക്ഷേപം ആകർഷിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കും. ഇതിനായി പ്രാദേശിക പ്രത്യേകതകൾ ഉൾകൊള്ളുന്ന ടൂറിസം നിക്ഷേപസാധ്യത മേഖലകൾ കണ്ടെത്തി പട്ടിക പ്രസിദ്ധീകരിക്കും. സ്വകാര്യ സംരംഭകർ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മൂലധന നിക്ഷേപം നടത്തുന്നത് പ്രോത്സാഹിപ്പിക്കാൻ ഇരിങ്ങൽ സർഗാലയ മാതൃകയിൽ സൗകര്യങ്ങൾ ലഭ്യമാക്കും.

(4) നിക്ഷേപ സമാഹരണം, പദ്ധതി നടപ്പാക്കൽ, നൂതന ആശയങ്ങളുടെ പ്രോത്സാഹനം എന്നിവയ്ക്ക് ആവശ്യമായ സാങ്കേതിക ഉപദേശവും സഹായവും കെടിഐഎൽ വഴിലഭ്യമാക്കും.

(5) ടൂറിസം നിക്ഷേപത്തിൽ താരതമ്യേന പിന്നോക്കം നിൽക്കുന്ന ഉത്തര മലബാർ ജില്ലകളിൽ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കും.കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വൻകിട ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി 5 വർഷത്തേക്ക് നികുതി അവധി നൽകുന്നതാണ്. ഈ ജില്ലകളിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഏകജാലക പദ്ധതി നടപ്പിലാക്കി പദ്ധതികൾക്ക് വേഗം അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. നിലവിലെ നിയമങ്ങൾ പാലിച്ചുകൊണ്ട് തന്നെ അതിവേഗം അനുമതി നൽകുന്നതിനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(6) ഉത്തരവാദിത്ത ടൂറിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ മാനദണ്ഡമാക്കി അവ നടപ്പാക്കുന്ന യൂണിറ്റുകൾക്ക് അർഹമായ സബ്സിഡി നല്കുന്നതിനുള്ള പദ്ധതി രൂപീകരിക്കും. ഇതിനായി ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേ, ഹൗസ് ബോട്ട്, ആയുർവേദ കേന്ദ്രങ്ങൾ, ഗ്രീൻ ഫാം എന്നിവയ്ക്ക് ക്ലാസിഫിക്കേഷൻ നടപ്പാക്കും.

(7) ടൂർ ഓപ്പറേഷൻ, ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ഹൗസ് ബോട്ട്, ആയുർവേദ മേഖലകളിലെ പുതിയ സംരംഭം എന്നിവയ്ക്ക് ദേശീയ വിദേശ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിന് പ്രോത്സാഹനം നൽകും.

(8) ടൂറിസം നൂതന ആശയ മീറ്റും കേരള ടൂറിസം സംരംഭക മീറ്റും സംഘടിപ്പിക്കും.

(9) ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കും. ഓൺലൈൻ വഴി ടൂറിസം സ്ഥാപനങ്ങൾ നടത്തുന്നവരെയും ഇതിൻറെ പരിധിയിൽ കൊണ്ടുവരും. ഓൺലൈൻ വഴിയും, നേരിട്ടും ടൂറിസത്തിന്റെ പേരിൽ തട്ടിപ്പ് നടക്കുന്നത് നിയന്ത്രിക്കാനും, ഉത്തരവാദിത്ത ബോധമുണ്ടാക്കുന്നതിനുമാണ് ഇത്.

## 15. കേരള ടൂറിസം സംരംഭകത്വഫണ്ട്

ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വഫണ്ടിന് രൂപം നല്കും. പുത്തൻതലമുറ സംരംഭകരെ ഈ രംഗത്തേക്ക് ആകർഷിക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും നൂതന സേവനമോ പദ്ധതിയോ നടപ്പാക്കാനുള്ള ഉപദേശവും നിർദേശങ്ങളും മാനേജ്മെൻറ് വൈദഗ്ധ്യവും ഒപ്പം മൂലധനവും കണ്ടെത്തി നൽകുന്ന പദ്ധതിയാണിത്. ഇതിനായി സർക്കാരിന്റെ മുൻകൈയിൽ വെഞ്ച്വർ ഫണ്ട് രൂപീകരിക്കും.

(1) കേന്ദ്രപദ്ധതികൾ നടപ്പാക്കുന്ന ഭാരതീയ ചെറുകിട വികസന ബാങ്ക് (സിഡ്ബി), വിദേശത്തും സ്വദേശത്തുമുള്ള ഏഞ്ചൽ ഫണ്ടുകൾ, സ്വകാര്യ ഫണ്ടുകൾ, സംസ്ഥാന ധനകാര്യ ഏജൻസികൾ മുതലായവയിൽ നിന്നും വിഭവസമാഹരണം നടത്തി വെഞ്ച്വർ ഫണ്ടിനുള്ള കോർപ്പസ് ഫണ്ട് കണ്ടെത്തും.

ടൂറിസം പദ്ധതികളിൽ നിന്നുള്ള ലാഭത്തിന്റെ ഒരു വിഹിതവും വെഞ്ചർ ഫണ്ടിലേക്ക് മുതൽക്കൂട്ടും.
(2) പുത്തൻ സംരംഭകർക്കും നിലവിലുള്ള ചെറുകിട ഇടത്തരം സംരംഭകർക്കും വെഞ്ചർഫണ്ട് ലഭ്യമാക്കും.
(3) മാനേജ്മെൻറ് വിദഗ്ധരുടെ സമിതി സൂക്ഷ്മമായും നിഷ്പക്ഷമായും ഓരോ പദ്ധതിയുടെയും വിജയസാധ്യത വിലയിരുത്തിയശേഷമാകും ഫണ്ട് അനുവദിക്കുക.
(4) ടൂറിസംരംഗത്തിന് ഉപകാരപ്പെടുത്താൻ കഴിയുന്ന ആശയങ്ങളുമായി എത്തുന്നവർക്ക് ഇതിന് അപേക്ഷിക്കാം. സാങ്കേതികസർവ്വകലാശാലകളിൽ നിന്നും ടൂറിസം വിദ്യാഭ്യാസകേന്ദ്രങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സ്വയം സംരംഭകരാകാൻ അവസരം ഒരുങ്ങും.

## 16. തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം

1997-ൽ നടപ്പാക്കിയ ജനകീയാസൂത്രണം തദ്ദേശ പങ്കാളിത്തത്തോടു കൂടിയ വികേന്ദ്രീകൃത ആസൂത്രണപദ്ധതിക്ക് അടിത്തറ പാകി. എന്നാൽ നാളിത് വരെ ടൂറിസം ബന്ധിത പദ്ധതികൾ പ്രാദേശിക വികസനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യമായി ഏറ്റെടുത്തിട്ടില്ല. 2008-ൽ കേരളത്തിൽ നാല് കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കിയപ്പോഴാണ് ഇതിൽ ചെറിയ മാറ്റമുണ്ടായത്. ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് മർമ്മപ്രധാനമായ പങ്കാളിത്തം വഹിക്കാനാകും.

(1) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം സാദ്ധ്യതകൾ കൂടി കണക്കിലെടുത്ത് സംയോജിത ടൂറിസം വികസന പരിപാടികൾ ആവിഷ്കരിക്കും.
(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ടൂറിസം സംരംഭകരുമായി ചേർന്ന് സാമൂഹ്യ സംരംഭകത്വ വികസനപരിപാടി നടപ്പിലാക്കും.
(3) സ്വയം തൊഴിൽ, കൂട്ടുസംരംഭം, കുടുംബസംരംഭങ്ങൾ തുടങ്ങിയവ വഴി പ്രാദേശിക തലത്തിൽ ടൂറിസം ബിസിനസ്സ് ശക്തിപ്പെടുത്തുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ നികുതി ഇതര വരുമാന സ്രോതസ് തുറക്കുകയും ചെയ്യും.
(4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ പ്രസ്ഥാനങ്ങളും ചേർന്ന് പ്രാദേശിക തലത്തിൽ ടൂറിസം സംയുക്ത സംരംഭങ്ങളും അടിസ്ഥാന സൗകര്യ വികസനവും പ്രോത്സാഹിപ്പിക്കും.
(5) തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ടൂറിസം വിഭവ ഭൂപടം തയ്യാറാക്കി പ്രാദേശിക ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കും.
(6) ടൂറിസം കേന്ദ്രങ്ങൾ മാലിന്യ രഹിതവും, ആരോഗ്യദായകവുമായി നിലനിർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രത്യേക പദ്ധതി നടപ്പാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം ബിസിനസ്സ് സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തത്തോടെ ആയിരിക്കും പദ്ധതി നടപ്പാക്കുന്നത്.
(7) വഴിവാണിഭക്കാർ, റെസ്റ്റോറൻറുകൾ എന്നിവ വഴി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് ഭക്ഷ്യസുരക്ഷ കമ്മീഷണർ കാര്യാലയവുമായി സഹകരിച്ച് പരിശീലന പരിപാടികളും, മോണിറ്ററിംഗ് സംവിധാനവും നടപ്പാക്കും. ടൂറിസം കേന്ദ്രങ്ങളിലും, വഴിയോരങ്ങളിലുമുള്ള റെസ്റ്റോറൻറുകളിൽ സുരക്ഷിതവും, ആസ്വാദ്യകരവുമായ ഭക്ഷണത്തിൻറെ ലഭ്യത പ്രോത്സാഹിപ്പിക്കാൻ റെസ്റ്റോറൻറുകളിൽ ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കും.
(8) ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പും ഡിടിപിസിയും പഴയ കാല ചായക്കടകളുടെ മാതൃകയിൽ പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് റസ്റ്റോറൻറ് / സ്നാക്ക് ബാർ തുടങ്ങും. തദ്ദേശീയർക്ക് തൊഴിലവസരം നൽകി കുടുംബശ്രീ പോലുള്ള ഏജൻസികളെ ഇതിന്റെ നടത്തിപ്പ് ഏൽപ്പിക്കും.
(9) ടൂറിസം വികസന സാധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടൂറിസം ടാസ്ക് ഫോഴ്സ് രൂപീകരിക്കും.

## 17. കേരള ടൂറിസം ബ്രാൻഡ്

ദൈവത്തിൻറെ സ്വന്തം നാട് എന്ന കേരളത്തിന്റെ പരസ്യ വാചകം ലോകമെങ്ങും പ്രസിദ്ധമാണ്. അത് ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള പ്രചാരണത്തിനൊപ്പം, വൃത്തിയും ആതിഥ്യമര്യാദയും ഭംഗിയുമുള്ള നാടായി നമ്മുടെ സംസ്ഥാനം പൂർണമായും മാറേണ്ടതുണ്ട്. ഇതിനായി ചിട്ടയായ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനൊപ്പം ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കാനും നടപടി സ്വീകരിക്കും.

(1) കേരള ടൂറിസത്തിന് ഒരു ബ്രാൻഡ് അംബാസഡറെ നിയോഗിക്കും. പ്രാഗൽഭ്യം തെളിയിച്ച കലാകാരൻ/കലാകാരി/കായികതാരം തുടങ്ങിയ രാജ്യാന്തര പ്രശസ്തിയുള്ള വ്യക്തിയെ ബ്രാൻഡ് അംബാസിഡറാക്കി രാജ്യത്തിനകത്തും, പുറത്തും പ്രചാരണ പരിപാടികൾ ഊർജിതമാക്കും.

(2) വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും കേരള ടൂറിസത്തിന് നൽകുന്ന പ്രചാരണം കൂടുതൽ ലക്ഷ്യബോധത്തോടെയുള്ളതാക്കും. നിലവിലുള്ള വിപണന തന്ത്രങ്ങൾ അവലോകനത്തിന് വിധേയമാക്കി കാലോചിതമായി പരിഷ്കരിച്ച് പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിക്കും.

(3) നിലവിലുള്ള പ്രധാന കമ്പോള സ്രോതസ്സായ കിഴക്കൻ യൂറോപ്പിൽ രാജ്യങ്ങളിലെ ടൂറിസം വിപണി ശക്തിപ്പെടുത്തുന്നതിനോടൊപ്പം സാമ്പത്തികമായി മുന്നോക്കം നില്ക്കുന്ന വടക്കെ അമേരിക്ക, പശ്ചിമ ഏഷ്യ, കിഴക്കൻ ഏഷ്യ മേഖലകളിൽ നിന്നുമുള്ള ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കേരളത്തിലേക്ക് നേരിട്ട് വിമാന സർവീസ് ലഭ്യമായതിനാൽ പശ്ചിമ ഏഷ്യൻ, കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസം വിപണി ശക്തിപ്പെടുത്താൻ പ്രത്യേക നടപടികൾ സ്വീകരിക്കും.

(4) ടൂറിസം രംഗത്തെ ബാധിക്കും വിധത്തിൽ കേരളത്തെകുറിച്ച് അന്താരാഷ്ട്ര മാധ്യമങ്ങളിൽ പർവ്വതീകരിക്കപ്പെട്ട് വരുന്ന വാർത്തകൾ വരുന്നത് നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തും. കേരളടൂറിസം രംഗത്തെ ഗുണപരമായ പ്രവണതകൾ ആഗോളതലത്തിൽ എത്തിക്കാൻ ശക്തമായ പ്രചാരണപരിപാടികൾ നടപ്പാക്കും.

(5) വിവര സാങ്കേതിക വിദ്യയുടെ സാധ്യത കണക്കിലെടുത്ത് ഇൻറർനെറ്റ് സോഷ്യൽ മീഡിയ എന്നിവ വഴിയുള്ള വിപണന തന്ത്രങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. ഐ.ടി അധിഷ്ഠിത സംവിധാനങ്ങൾ ടൂറിസം മേഖലയിൽ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താമെന്ന് ആലോചിക്കുകയും, പ്രായോഗികമായവ നടപ്പാക്കുകയും ചെയ്യും.

(6) കാര്യക്ഷമമായ മാർക്കറ്റിങ് തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന് സഹായകരമായ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കും.ഇതിന്റെ അടിസ്ഥാനത്തിൽ വിപണി പഠനം നടത്തി മാർക്കറ്റിങ് തന്ത്രങ്ങൾ നടപ്പാക്കും.

(7) പുതിയ വിപണന നയങ്ങൾ രൂപീകരിക്കുന്നതിനും, പൊതു സ്വകാര്യ മേഖലയുടെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി 'ടാസ്ക്ക്സ് ഫോഴ്സ് ഫോർ മാർക്കറ്റിങ്ങിന്റെ സേവനം പ്രയോജനപ്പെടുത്തും.

(8) കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ ബിസിനസ് മീറ്റായി വികസിപ്പിക്കുന്നതിനുള്ള ധനസഹായം നൽകും.

(9) അന്താരാഷ്ട്ര ടൂറിസം മേളകളിൽ കേരളത്തിന്റെ സാന്നിധ്യം ഇനിയും ഉയർത്തണം. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് ഉചിതമായ പ്രോത്സാഹനം നൽകും.

(10) കേരള ടൂറിസം വെബ്സൈറ്റ് സംവേദന ക്ഷമതയുള്ള വെബ്സൈറ്റ് ആയി മാറ്റുന്നതിന് നടപടി സ്വീകരിക്കും. കേരള ടൂറിസത്തിന്റെ നിലവിലുള്ള മൊബൈൽ ആപ്പ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തും.

(11) വൻകിട സ്ഥാപനങ്ങൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന ബഹുരാഷ്ട്ര കുത്തകളുടെ ടൂറിസം സൈബർ സേവനങ്ങൾക്ക് ബദൽ സംവിധാനം ഉയർത്തികൊണ്ടുവരും. പ്രാദേശിക തലത്തിൽ ടൂറിസത്തിൽ ചെറുകിട, ഇടത്തര സംരംഭകരുടെ നിലനില്പ് ഉറപ്പാക്കുന്നതിന് ടൂറിസ്റ്റുകളുമായി നേരിട്ട് ഇടപെടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണ്. ഇതിനായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ വിവര സാങ്കേതികാധിഷ്ഠിത വിതരണത്തിന് ഒരു പൊതു പ്ലാറ്റ്ഫോം സൃഷ്ടിക്കും.

(12) സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകളിൽ കേരളാടൂറിസത്തെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ദൈവത്തിൻറെ സ്വന്തം നാട് എന്ന ആഗോള ബ്രാൻഡ് ശക്തിപ്പെടുത്തണം.

18. **മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും**

മികവുറ്റ ആതിഥേയരെ വാർത്തെടുക്കുന്നതിൻറെ ഭാഗമായി ടൂറിസം രംഗത്തിന്റെ സാധ്യതകൾ പാഠ്യപദ്ധതിയുടെ തന്നെ ഭാഗമാകേണ്ടതുണ്ട്. കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളെ അടുത്തറിയാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കും. സ്കൂൾ കോളേജ് തലത്തിൽ ടൂറിസം ക്ലബ്ബുകൾ സജീവമാക്കും. ഉത്തരവാദിത്ത ടൂറിസം മിഷൻ ഇതിന്റെ മേൽനോട്ടം വഹിക്കും.

കേരളത്തിൽ പ്രതിവർഷം ഒരു ലക്ഷം പേരെയെങ്കിലും പുതുതായി ടൂറിസവുമായി ബന്ധപ്പെട്ട മേഖലയിൽ ആവശ്യമുണ്ട്. എന്നാൽ പരിശീലനം ലഭിക്കുന്നത് ഏതാണ്ട് പതിനയ്യായിരത്തോളം പേർക്ക് മാത്രമാണ്. ഹോസ്പിറ്റാലിറ്റി - ട്രാവൽ മേഖലകളെ മാനവവിഭവശേഷിയുടെ കുറവ് കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ അടിയന്തിര ഇടപെടൽ ഉണ്ടാകും. ഈ മേഖലകളിലെ തൊഴിൽസാധ്യതകളും മുന്നേറ്റസാധ്യതകളെയും കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് പ്രധാനം. സ്കൂൾ തലം മുതൽ ഇക്കാര്യത്തിൽ ഇടപെടലുണ്ടാകണം.

മാനവശേഷി വികസന രംഗത്ത് പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന കിറ്റ്സിനെ (Kerala Institute of Travel and Tourism Studies) മികവിന്റെ കേന്ദ്രമായി ഉയർത്തും. പഠന പരിശീലന പരിപാടികളോടൊപ്പം ഗവേഷണവും കൺസൾട്ടൻസിയും ശക്തിപ്പെടുത്തും. ടൂറിസം തൊഴിൽമേഖല ലക്ഷ്യമിട്ട് കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെപറ്റിയുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കും. ലോജിസ്റ്റിക്സ് മാനേജ്മെൻറ്, എയർകാർഗോ, എയർപോർട്ട് ഓപ്പറേഷൻസ് , ഇവൻറ് മാനേജ്മെൻറ് , ഹൗസ് കീപ്പിങ്, ഹോസ്പിറ്റാലിറ്റി, വിദേശഭക്ഷണ പാചകം, വിദേശഭാഷ പഠനം, ടൂറിസം സംരംഭകത്വ പരിശീലനം തുടങ്ങിയ മേഖലകളിലേക്കും കോഴ്സുകൾ വ്യാപിപ്പിക്കും. ചൈന, കൊറിയ, ജപ്പാൻ തുടങ്ങിയ കിഴക്കൻ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ലക്ഷ്യംവച്ച് അത്തരം രാജ്യങ്ങളിലെ ഭാഷ സംസാരിക്കുന്ന ഗൈഡുകളെ പരിശീലിപ്പിക്കാനുള്ള കേന്ദ്രം ആരംഭിക്കും.

കിറ്റ്സ് (Kerala Institute of Travel and Tourism Studies), എസ്ഐഎച്ച്എം (State Institute of Hospitality Management), എഫ്.സി. ഐ (Food Craft Institute) എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആവർത്തന സ്വഭാവം കൂടാതെ നടപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കും. ഈ സ്ഥാപനങ്ങളുടെ പ്രധാന പ്രവർത്തന മേഖലകൾ കേന്ദ്രീകരിച്ച് പരിശീലനവും പ്ലെയ്സ്മെൻറും ഉറപ്പാക്കുന്ന പ്രത്യേക പാക്കേജ് നടപ്പാക്കും.

ടൂറിസം വ്യവസായത്തിന്റെ മാനവശേഷി ആവശ്യങ്ങൾക്കായി ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് കൗൺസിൽ ഫോർ ക്വാളിറ്റി എഡ്യൂക്കേഷൻ സിസ്റ്റം ഇൻ ടൂറിസം (സി-ക്വസ്റ്റ്) രൂപീകരിക്കും. വിവിധ ടൂറിസം വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്ന് പഠനം പൂർത്തിയായി വരുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് വേണ്ടി കിറ്റ്സിൽ ടൂറിസം സ്കിൽ ലാബ് സ്ഥാപിക്കും.
അസാപ്പിൽ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ ടൂറിസം, ഹോസ്പിറ്റാലിറ്റി രംഗത്ത് നൈപുണ്യ വികസന പരിശീലന പരിപാടി നടപ്പാക്കി പരിശീലനം സിദ്ധിച്ചവർക്ക് തൊഴിലുറപ്പാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും.

ടൂറിസം അദ്ധ്യാപകർക്ക് മെച്ചപ്പെട്ട നിലവാരം ഉറപ്പാക്കുന്നതിന് കിറ്റ്സ് വഴി പ്രത്യേക ഫാക്കൾട്ടി ഡെവലപ്പ്മെൻറ് പ്രോഗ്രാം നടപ്പാക്കും.
ടൂറിസം മേഖലയിൽ പ്രത്യക്ഷവും പരോക്ഷവുമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രമോട്ടിങ് എംപ്ലോയ്മെൻറ് ഓൺ ടൂറിസം പദ്ധതി നടപ്പാക്കും.

ടൂറിസം പഠനകേന്ദ്രങ്ങളിൽ കുട്ടികളുടെ എണ്ണവും പരിശീലന ശേഷിയും ഉയർത്തും. ഈ മേഖലയിലെ സ്വാശ്രയ സ്ഥാപനങ്ങളിലെ കരിക്കുലവും പരിശീലനരീതിയും പരിശോധിക്കാൻ റേറ്റിങ് ഏർപ്പെടുത്തും. ആർട്സ് ആൻറ് സയൻസ് കോളേജുകളിലും ടൂറിസം കോഴ്സുകൾ തുടങ്ങും.

സർവ്വകലാശാലകളിൽ ടൂറിസം ചെയറുകൾ ആരംഭിക്കും.

വിനോദസഞ്ചാരികളുമായി ബന്ധപ്പെട്ട് മറ്റ് മേഖലകളിൽ പണിയെടുക്കുന്ന പൊലീസ്, വിമാനത്താവള ജീവനക്കാർ, പോർട്ടർമാർ, ടാക്സി ഡ്രൈവർമാർ, മ്യൂസിയങ്ങളിലേയും മറ്റും ജീവനക്കാർ തുടങ്ങിയവർക്ക് വ്യാപകമായി ഓറിയന്റേഷൻ പദ്ധതികൾ ആരംഭിക്കും. അതിന്റെ ചുമതല കിറ്റ്സിന് നല്കും.

വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അപ്പോൾ നടക്കുന്നകാര്യങ്ങളും ഭാവിയിൽ നടപ്പാക്കുന്ന കാര്യങ്ങളും സ്ഥലവാസികളായ നാട്ടുകാരുമായി പങ്കുവയ്ക്കുകയും ജനകീയ പിന്തുണ ഉറപ്പാക്കുകയും വേണം. ഇതിനായി ടൂറിസം മേഖലകളിൽ ടൂറിസം ഗ്രാമസഭകൾ വിളിച്ചുചേർക്കും.

## 19. സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റിയും

(1) ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവമാക്കുന്നതിനായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കും. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളേയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗനിർദേശങ്ങൾ കർശമായി നടപ്പാക്കാനുള്ള അധികാരം ഇതിനുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടിപരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

(2) ടൂറിസം മേഖലയിൽ മനുഷ്യക്കടത്ത്, ബാലപീഡനം, മയക്ക് മരുന്ന് ഉപയോഗം തുടങ്ങിയവ കാര്യക്ഷമമായി നേരിടുന്നതിന് ആഭ്യന്തരം, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് ഓരോ ടൂറിസംകേന്ദ്രങ്ങളിലും പ്രത്യേക കർമ്മ സേന രൂപീകരിക്കും.

(3) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ റെഗുലേറ്ററി അതോറിറ്റിക്ക് പൂർണ അധികാരമുണ്ടാകും.

(4) അപകട സാദ്ധ്യതയുള്ള ടൂറിസം കേന്ദ്രങ്ങൾ പ്രത്യേകം കണ്ടെത്തി പരിശീലനവും, ജീവൻ രക്ഷാ ഉപകരണങ്ങളും നല്കി ആവശ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കും. ജീവൻ രക്ഷാ സേവകർക്കായി ഒരു പ്രത്യേക ക്ഷേമ സൊസൈറ്റി രൂപീകരിക്കും. നോ സെൽഫി സോൺ, അപകടമേഖല എന്നിവിടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കും.

(5) പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വകാര്യ സുരക്ഷാ ഏജൻസികൾ മുഖേന സുരക്ഷാപാലകരെ വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(6) ആഭ്യന്തര വകുപ്പുമായി ചേർന്ന് ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കും.

(7) അത്യാഹിതങ്ങൾ ഉടനടി റിപ്പോർട്ട് ചെയ്യുന്നതിനും സത്വരമായ ആശ്വാസ നടപടികൾ കൈകൊള്ളുന്നതിന് വേണ്ടി അത്യാഹിത സെല്ലുകൾ രൂപീകരിക്കും.

## 20. ഹരിതപെരുമാറ്റച്ചട്ടം

മലിനീകരണവും കാലാവസ്ഥ വ്യതിയാനവും ചെറുക്കാൻ ടൂറിസം കേന്ദ്രങ്ങളിൽ മാതൃകപരമായ പ്രവർത്തനങ്ങൾ നടപ്പാക്കും.

1. ടൂറിസം വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങളും ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഹരിതപെരുമാറ്റച്ചട്ടത്തിന് വിധേയമാക്കി നടപ്പാക്കും.
2. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഘട്ടം ഘട്ടമായി ഉന്മൂലനം ചെയ്ത് മൂന്ന് വർഷത്തിനകം കേരളത്തിലെ ടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റിക്ക് വിമുക്തമാക്കും.
3. ടൂറിസം വകുപ്പിലും അനുബന്ധസ്ഥാപനങ്ങളിലും ഹരിതപെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ വിനിയോഗം, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, മരങ്ങൾ വെച്ച് പിടിപ്പിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കും.
4. മാലിന്യനിർമാർജ്ജനതിന് ഓരോ ടൂറിസം പദ്ധതിയിക്കും മാർഗനിർദേശം നൽകും. അവ

പാലിക്കുന്നുണ്ടോയെന്ന് കർശനമായി നിരീക്ഷിക്കും.

## 21. ടൂറിസം വകുപ്പിൽ കാലോചിത പരിഷ്കാരം

മേൽപ്പറഞ്ഞ കാര്യങ്ങൾ സമയബന്ധിതവും, കാര്യക്ഷമവുമായി നടപ്പാക്കുന്നതിന് ടൂറിസം വകുപ്പിന്റേയും അനുബന്ധ സ്ഥാപനങ്ങളുടെയും ചുമതലകളും, ഉത്തരവാദിത്തങ്ങളും പുനക്രമീകരിക്കും. ടൂറിസം രംഗത്തെ വിവിധസ്ഥാപനങ്ങളുടെ ചുമതലകൾ കൃത്യമായി നിർണയിച്ച് ആവർത്തന സ്വഭാവം ഒഴിവാക്കും.

സർക്കാരിൻറെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യക്ഷ വികസന ഏജൻസിയായ കെ.റ്റി.ഡി.സി. യുടെ പ്രവർത്തനത്തെ സമൂലമായി പരിഷ്കരിക്കരിക്കും. ഇതിനായി പ്രൊഫഷണൽ ബോർഡും മാനേജ്മെൻറും ഏർപ്പെടുത്തും.

ടൂറിസം വകുപ്പിന്റേയും അനുബന്ധ സ്ഥാപനങ്ങളുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും കാലോചിതമായി പരിഷ്കരിക്കും.

എല്ലാ ജീവനക്കാർക്കും നിശ്ചിത ഇടവേളയിൽ ആവശ്യമായ പരിശീലനം നൽകും.

പ്രവർത്തന വേഗതയും, കാര്യക്ഷമതയും കൈവരിക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പിലും അനുബന്ധ സ്ഥാപനങ്ങളിലും, ഇ-ഫൈലിങും, ബയോമെട്രിക്ക് അറ്റൻഡൻസ് സംവിധാനവും നടപ്പിലാക്കും.

പദ്ധതിയിൽ പ്രഖ്യാപിച്ചിരിക്കുന്ന ഓരോ വിഷയവും കൃത്യമായി നടപ്പാക്കുന്നതിന് ഓരോ വിഷയത്തിനും സമയാധിഷ്ഠിതമായ വിശദമായ കർമ്മ പദ്ധതി (ടൈം ബൗണ്ട് ആക്ഷൻ പ്രോഗ്രാം) നടപ്പാക്കും.

സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നത് ഉറപ്പാക്കുവാൻ ഓരോ സ്ഥാപനത്തിലും ത്രൈമാസ അവലോകനം നടത്തും.

കേരളത്തിന്റെ ടൂറിസം സാധ്യതകളെ ലോകത്താകെ പരിചയപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. അതിൻറെ ഭാഗമായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഓൺലൈൻ മാസിക പ്രസിദ്ധീകരിക്കുന്നതാണ്. കേരളത്തിലെ വിവിധ പ്രദേശങ്ങളെ പരിചയപ്പെടുത്താൻ സഹായകമാകുന്ന ഒരു ത്രൈമാസിക ടൂറിസം വകുപ്പിൻറെ നേതൃത്വത്തിൽ പ്രസദ്ധീകരിക്കുന്നതാണ്.

## 22. പതിമൂന്നാം പഞ്ചവത്സരപദ്ധതി ലക്ഷ്യങ്ങൾ

(1) നിലവിലുള്ളതിനു പുറമേ ടൂറിസം രംഗത്ത് 2017-22 കാലയളവിൽ നാലുലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കാൻ പതിമൂന്നാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ നൂറു ശതമാനം വർദ്ധനയും ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ അമ്പതുശതമാനം വർദ്ധനവും അഞ്ചുവർഷത്തിനിടെ ലക്ഷ്യമിടുന്നു.

(2) സേവനമേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലഭ്യമായ ഹോട്ടൽ, റിസോർട്ട് മുറികളുടെ എണ്ണം ഇപ്പോഴുള്ളതിന്റെ ഇരട്ടിയാക്കുക, പുതുതായി ആയിരം ഹോംസ്റ്റേകൾ കൂടി ഒരുക്കുക.

(3) സാഹസിക ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ പുതുതായി കേരളത്തിൽ 30 ട്രക്കിങ് റൂട്ടുകൾ കണ്ടെത്തുക, പത്ത് സാഹസിക ടൂറിസം കേന്ദ്രങ്ങൾ കൂടി ഉറക്കുക.

(4) പുതിയ വിദേശ വിപണികളിലേക്ക് കേരള ടൂറിസത്തെ എത്തിക്കുക, യുവാക്കളേയും കുടുംബത്തേയും വനിതകളേയും ലക്ഷ്യമിട്ട് പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുക.

* * *